# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊടുമണ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.പിറ്റിഎ.പി 10 - 603/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 29/09/2021
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊടുമണ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൊടുമണ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊടുമണ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പിറ്റിഎ.പി 10 - 603/2021 തീയ്യതി: 29/09/2021

## പത്തനംതിട്ട ജില്ലയിലെ കൊടുമണ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ കൊടുമണ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 06-08-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 31-08-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി പി.കെ.വിജയലക്ഷ്മി | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 09-08-2021 | 31-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-08-2021 | 31-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രദീപ് കുമാർ എൻ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ),
ശ്രീ.ഹരികുമാർ.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ (24.8.2021 മുതൽ 31.8.2021 വരെ),
ശ്രീമതി ദീപ.എസ്, അസിസ്റ്റന്റ് ഓഫീസർ,

ശ്രീ. ഹരികുമാർ.ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ, (9.8.2021 മുതൽ 17.8.2021 വരെ),
ശ്രീ. ഹരികുമാർ.എസ്, ഓഡിറ്റർ

<u>(ബി)നിർവഹണാധികാരികൾ</u>

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി കുഞ്ഞന്നാമ്മ കുഞ്ഞ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ ജോഷ്വ ജേക്കബ് | സെക്രട്ടറി | 01-04-2019 | 24-04-2019 |
| ശ്രീ ജോഷ്വ ജേക്കബ് | സെക്രട്ടറി | 19-05-2019 | 31-03-2020 |
| ശ്രീ അനിൽകുമാർ ജി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 25-04-2019 | 18-05-2019 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അനിൽ കുമാർ ജി | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി.ദീപ്തി.എൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി. ആദില.എസ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി. സജിന ബീവി | എൽ.വി.ഇ.ഓ | 01-04-2019 | 19-07-2019 |
| ശ്രീ. ദീപക്.ഡി.എസ് | വി.ഇ.ഓ | 20-07-2019 | 31-03-2020 |
| ഡോ. ശ്രീരാജ്.ആർ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ. രജികുമാർ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 31-03-2020 |
| ഡോ. മാലിനി ആർ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2019 | 31-03-2020 |
| ശ്രീമതി.ബിനു.സി.ബി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 11-12-2019 |
| ശ്രീമതി.രജിത | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 12-12-2019 | 18-01-2020 |
| ശ്രീമതി.നിഷ.റ്റി.ജി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 19-01-2020 | 31-03-2020 |
| ശ്രീ.രാജൻ.ഡി.ബോസ് | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീമതി. ശ്രീകല.എസ് | ഡയറി ഫാം | 01-04-2019 | 29-06-2019 |

| | | | |
|---|---|---|---|
| | ഇൻസ്ട്രക്ടർ | | |
| ശ്രീ. സജി.പി.വിജയൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 30-06-2019 | 31-03-2020 |
| ഡോ. അനിൽരാജ് സി.ആർ. | വെറ്ററിനറി സർജൻ | 01-04-2019 | 16-01-2020 |
| ഡോ. വിഷ്ണു എസ്. | വെറ്ററിനറി സർജൻ | 17-01-2020 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Deepa S (Asst. Audit Officer, On 22-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: M Harikumar (Asst. Audit Officer, On 27-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Deepa S (Asst. Audit Officer, On 22-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: M Harikumar (Asst. Audit Officer, On 26-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Deepa S (Asst. Audit Officer, On 22-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: N Pradeep Kumar (Audit Officer (HG), On 22-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Deepa S (Asst. Audit Officer, On 22-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Deepa S (Asst. Audit Officer, On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: N Pradeep Kumar (Audit Officer (HG), On 27-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Deepa S (Asst. Audit Officer, On 22-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-10 |
| 11 | തൊഴിൽ നികുതി അസ്സസ്സ്മെന്റ്, ഡിമാന്റ് നടപടികൾ കാര്യക്ഷമമല്ല.<br>Written By: Harikumar.S (Auditor, On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-11 |
| 12 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.<br>Written By: Harikumar.S (Auditor, On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-12 |
| 13 | വാണിജ്യ കെട്ടിടത്തിന്റെ വസ്തു നികുതി നിർണയിച്ചതിൽ കുറവ്<br>Written By: Harikumar.S (Auditor, On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-13 |
| 14 | ആശ്രയ – വീട് വാസയോഗ്യമാക്കൽ - ധനസഹായം പണമായി നൽകി<br>Written By: N Pradeep Kumar (Audit Officer (HG), On 29-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-14 |
| 15 | മരാമത്ത് പ്രവൃത്തികൾ - കരാറുകാർക്ക് ജി.എസ്.റ്റി കോമ്പൻസേഷൻ - സുതാര്യതയില്ല<br>Written By: N Pradeep Kumar (Audit Officer (HG), On 29-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-15 |
| 16 | ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചില്ല – മോണിട്ടറിംഗ് ഇല്ല | 1-16 |

| | | |
|---|---|---|
| | Written By: N Pradeep Kumar (Audit Officer (HG), On 29-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | |
| 17 | ഇ ടെണ്ടർ ഫീസ് ഇനത്തിൽ ജില്ലാപ്പഞ്ചായത്തിൽ നിന്ന് ലഭിച്ച ചെക്ക് നാളിതുവരെ പണമാക്കിയില്ല<br>Written By: N Pradeep Kumar (Audit Officer (HG), On 29-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-17 |
| 18 | കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് - മോണിറ്ററിംഗ് ഇല്ല<br>Written By: N Pradeep Kumar (Audit Officer (HG), On 29-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-18 |
| 19 | മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ പരസ്യം - തുക അധികം നൽകി<br>Written By: N Pradeep Kumar (Audit Officer (HG), On 29-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-19 |
| 20 | എ).ബി.സി പ്രോഗ്രാം - മോണിട്ടറിംഗ് ഇല്ല<br>Written By: N Pradeep Kumar (Audit Officer (HG), On 29-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-20 |
| 21 | ലൈഫ് മിഷൻ ഭവന പദ്ധതി- ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല<br>Written By: Deepa S (Asst. Audit Officer, On 30-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-21 |
| 22 | അഗതികൾക്ക് വീട് വാസയോഗ്യമാക്കൽ - പണി പൂർത്തീകരിച്ചില്ല<br>Written By: N Pradeep Kumar (Audit Officer (HG), On 29-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-22 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പദ്ധതികൾ<br>Written By: N Pradeep Kumar (Audit Officer (HG), On 22-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: N Pradeep Kumar (Audit Officer (HG), On 22-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Deepa S (Asst. Audit Officer, On 22-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 4-3 |
| 4 | വായ്പ /വായ്പ തിരിച്ചടവ്<br>Written By: Deepa S (Asst. Audit Officer, On 22-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 4-4 |
| 5 | സ്ഥിരനിക്ഷേപം<br>Written By: Deepa S (Asst. Audit Officer, On 22-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Deepa S (Asst. Audit Officer, On 22-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Deepa S (Asst. Audit Officer, On 22-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം | 4-8 |

| | | |
|---|---|---|
| | Written By: Deepa S (Asst. Audit Officer, On 22-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Deepa S (Asst. Audit Officer, On 22-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Deepa S (Asst. Audit Officer, On 22-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്.

ഓഡിറ്റ് വർഷത്തെ ബഡ്ജറ്റ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 15.02.2019 ലെ 1- ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ്/ പരിഷ്കരിച്ച ബജറ്റ് 05.03.2020 തീയതിയിലും അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യ പത്രിക

ഗ്രാമ പഞ്ചായത്തിന്റെ 2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ഷെഡ്യൂൾ ബി4 : Grants & Contributions For Specific Purposes:-

വിവിധ കേന്ദ്ര/സംസ്ഥാന ഗ്രാന്റുകളുടെ വരവ്, വിനിയോഗ വിവരം എന്നിവ കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല. 320200399 എന്ന ഹെഡിൽ 51391 രൂപ അവശേഷിക്കുന്നു. പ്രസ്തുത വരവിന്റെ ഉറവിടം സംബന്ധിച്ച രേഖകളില്ല.

2. സംയുക്ത പ്രോജക്ടുകൾക്കായി ലഭിക്കുന്ന പ്രോജക്ടുകളുടെ വിനിയോഗ വിവരം അക്കൗണ്ട് ചെയ്യുന്നതിൽ കൃത്യതയില്ല. തുകകൾ ചെലവഴിക്കാതെ വർഷങ്ങളായി അക്കൗണ്ടിൽ നിക്ഷേപിച്ചുവരുന്നു.

3. നബാർഡ് അസിസ്റ്റൻസ് ആയി ലഭിച്ച തുകകളുടെ നീക്കിയിരുപ്പിന്റെ കൃത്യത പരിശോധിക്കുവാൻ രേഖകളില്ല.

4. വിവിധ ഗ്രാന്റുകളിലെ നീക്കിയിരുപ്പ് തുകകൾ കാഷ് ആന്റ് ബാങ്ക് ബാലൻസിലെ ഷെഡ്യൂളിലെ തുകകളുടെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല.

5. ഷെഡ്യൂൾ ബി-5: Secured Loans- വികസനഫണ്ട് -പ്രത്യേക ഘടക പദ്ധതിയിൽ ലൈഫ് മിഷൻ വായ്പ തിരിച്ചടവിലേക്ക് സ്രോതസ്സിൽ കുറവ് ചെയ്ത 1,02,941/- രൂപ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ബാലൻസ് കൃത്യമല്ല.

6. ഷെഡ്യൂൾ ബി7: Deposits Received- 3 വർഷത്തിലധികമായി നിൽക്കുന്ന തുകകൾ റെവന്യൂ ഹെഡിലേക്ക് മാറ്റിയിട്ടില്ല.

7. ഷെഡ്യൂൾ ബി-9: Liability In Respect Of Stale Cheque- കാലാവധി കഴിഞ്ഞ ചെക്കുകൾ യഥാസമയം റെവന്യൂ ഹെഡിലേക്ക് മാറ്റിയിട്ടില്ല.

8. ഷെഡ്യൂൾ ബി-9: അഡ്വാൻസ് കളക്ഷൻ-തൊഴിൽ നികുതി (വ്യാപാരി), ലൈസൻസ് ഫീ- മുൻകൂറായി കാണിച്ചിട്ടുള്ള തുകൾ രജിസ്റ്ററുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

9. ഗ്രാമ പഞ്ചായത്ത് മുൻകാലങ്ങളിൽ ആർജ്ജിച്ച എല്ലാവിധ ആസ്തികളും അക്കൗണ്ട് ചെയ്തിട്ടില്ല.

10. ഷെഡ്യൂൾ ബി-18: വിവിധ നിർവ്വഹണ ഏജൻസികൾക്ക് വർഷങ്ങളായി നൽകിയിട്ടുള്ള മുൻകൂറുകൾ, വിനിയോഗ വിവരം രേഖപ്പെടുത്തി ബന്ധപ്പെട്ട ആസ്തികളിലേക്ക് മാറ്റിയിട്ടില്ല.

Deposit With KWA - Rs. 32,88,312.00

Depoist With KSEB - Rs. 7,61,236.00

11. ഷെഡ്യൂൾ I-6: MG-NREGA- ലഭ്യമാക്കിയിട്ടുള്ള കണക്കുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

12. ഷെഡ്യൂൾ I-6: വികസനഫണ്ട് -പ്രത്യേക ഘടക പദ്ധതിയിൽ ലൈഫ് മിഷൻ വായ്പ തിരിച്ചടവിലേക്ക് സ്രോതസ്സിൽ കുറവ് ചെയ്ത 1,02,941/- രൂപ വാർഷിക കണക്കിലെ വികസനഫണ്ട് ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

13. ഇ ടെൻഡർ ഫീസിനത്തിൽ ലഭിക്കാനുള്ള തുക വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 35083833 |
| വരവ് | 74273865 |
| ആകെ | 109357698 |
| ചെലവ് | 78868032 |
| നീക്കിയിരിപ്പ് | 30489666 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത്) | ആകെ | ചെലവ് | ട്രഷറി ക്യൂ ബിൽ | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | ഇല്ല | 15249000 | 15249000 | 13542519 | 1170862 | 535619 |
| വികസന ഫണ്ട്-എസ്.സി.പി | ,, | 18512000 | 18512000 | 12295074 | 2700550 | 3516376 |
| വികസന ഫണ്ട്-ടി.എസ്.പി | ,, | 165000 | 165000 | 15000 | ഇല്ല | 150000 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | - | - | - | - | - | - |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | ഇല്ല | 11656874 | 11656874 | 5305826 | 1666855 | 4684193 |
| മെയിന്റനൻസ് (റോഡ്) | ,, | 7387000 | 7387000 | 3858696 | 2062432 | 1465872 |
| മെയിന്റനൻസ് (നോൺ-റോഡ്) | ,, | 4631000 | 4631000 | 3283942 | 195941 | 1151117 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | | |
| സാക്ഷരത | 22067 | ഇല്ല | 22067 | ഇല്ല | -- | 22067 |
| കേരളോത്സവം | -- | 20000 | 20000 | 20000 | -- | 0 |
| ശുചിത്വ മിഷൻ | 5971106 | -- | 5971106 | 223083 | -- | 5748023 |
| പൈക്ക | 29886 | -- | 29886 | -- | -- | 29886 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | | |
| ഐ.സി.ഡി.എസ്. | 320314 | 122238 | 442552 | 230870 | -- | 211682 |
| എം.ജി.എൻ. ആർ.ജി.എസ് | 13553 | 53023823 | 53037376 | 53037376 | -- | 0 |

ഗ്രാന്റ് വിനിയോഗം സംബന്ധിച്ച് ലഭ്യമാക്കിയ കണക്കുകൾ, വാർഷിക ധനകാര്യപത്രികയുമായും, യഥാർത്ഥ കണക്കുകളുമായും പൊരുത്തപ്പെടുന്നില്ല.

വികസനഫണ്ട് – പ്രത്യേക ഘടക പദ്ധതിയിൽ ലൈഫ് മിഷൻ വായ്പ തിരിച്ചടവിലേക്ക് സ്രോതസ്സിൽ കുറവ് ചെയ്ത 1,02,941 രൂപ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതിച്ചെലവ് | നടപ്പാക്കിയ പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 258 | 165 | 131397314 | 61282254 | 64 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| തൊഴിലാളികളുടെ കൂലി | 0 | 50450120 | 50450120 | 50450120 | 0 |
| അഡ്മിനിസ്ട്രേറ്റീവ് | 13553 | 2573703 | 2587256 | 2587256 | 0 |

| ചെലവ് | | | | | |
|---|---|---|---|---|---|

## 1-7 ക്ഷേമ പദ്ധതികൾ

| ക്രമ നമ്പർ | പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് തുക |
|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 489 | 2898600 |
| 2 | വികലാംഗ പെൻഷൻ | 380 | 2197800 |
| 3 | വാർദ്ധക്യകാല പെൻഷൻ | 2341 | 13398300 |
| 4 | 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 46 | 266400 |
| 5 | വിധവാ പെൻഷൻ | 1189 | 6787800 |
| 6 | തൊഴിൽ രഹിത വേതനം | 46 | 42960 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.08.2021 തീയതിയിൽ 12.30 PM-ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരുപ്പ് തുകയായ 5978 രൂപയുടെ (അയ്യായിരത്തി തൊള്ളായിരത്തി എഴുപത്തിയെട്ട് രൂപ മാത്രം) കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ അപാകതകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

1. ഗ്രാമപ്പഞ്ചായത്ത് സ്റ്റേഡിയത്തിലെ ഭൂമി പൊന്നുംവിലയ്ക്ക് എടുത്തത് സംബന്ധിച്ച് വസ്തുവിന്റെ വില പുനർനിർണ്ണയിക്കണമെന്ന് ആവശ്യപ്പെട്ടും തുക ലഭിക്കുന്നതിനും വസ്തു നൽകിയവർ നൽകിയ കേസ് പത്തനംതിട്ട സബ്കോടതിയിൽ നിലവിലുണ്ട്. വസ്തുവിന്റെ വിലയിനത്തിൽ നൽകേണ്ട ഭീമമായ തുക തനത് ഫണ്ടിൽ നിന്നുള്ള ബാദ്ധ്യത ആണ്. ഈ സാഹചര്യം മുൻകൂട്ടിക്കണ്ട് നികുതി, നികുതിയേതര തനത് വരുമാനത്തിലെ കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കുന്നതിനും തനതുവരുമാനം വർധിപ്പിക്കുന്നതിനും ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടില്ല.

2. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ പ്രവർത്തനം തൃപ്തികരമല്ല. വിവിധ വാങ്ങലുകൾ പഞ്ചായത്ത് കമ്മിറ്റി മുഖേന നേരിട്ടാണ് നടത്തുന്നത്.

3. പ്രവർത്തിക്കാത്ത കുടിവെള്ള പൊതുടാപ്പുകൾ സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി സംയുക്തപരിശോധന നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

4. ഡെപ്പോസിറ്റ് പ്രവൃത്തികളിന്മേൽ മോണിട്ടറിംഗ് നടത്തുന്നില്ല. അവയുടെ പൂർത്തീകരണം ഉറപ്പാക്കുന്നില്ല.

5. മാലിന്യപരിപാലനം ഫലപ്രദമല്ല. ഹരിതകർമ്മസേനകൾ നിർജീവാവസ്ഥയിലാണ്. മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.
മേൽസൂചിപ്പിച്ച വിഷയങ്ങളിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09.11.2020 | 2015-2020 | 21.12.2020 |
| പെർഫോമൻസ് ഓഡിറ്റ് | 01.2020 | 12.2019 | 01.2020 |

## 1-11 തൊഴിൽ നികുതി അസ്സസ്സ്മെന്റ്, ഡിമാന്റ് നടപടികൾ കാര്യക്ഷമമല്ല.

തനത് വരുമാനം താരതമ്യേന കുറഞ്ഞ പഞ്ചായത്താണ് കൊടുമൺ. പഞ്ചായത്തിന്റെ വളരെ പ്രധാനപ്പെട്ട വരുമാന മാർഗ്ഗമാവേണ്ട തൊഴിൽ നികുതി അസ്സസ്സ് ചെയ്യുന്നതിനും ഡിമാന്റ് ചെയ്യുന്നതിനും കാര്യക്ഷമമായ നടപടികൾ ഉണ്ടാകുന്നില്ല. ഡിമാന്റ് രജിസ്റ്ററിലുള്ള സ്ഥാപനങ്ങളിൽ നിന്നും പോലും തൊഴിൽ നികുതി പൂർണമായി പിരിച്ചെടുത്തിട്ടില്ല. 2019-20 സാമ്പത്തിക വർഷം 86 സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് മാത്രമാണ് തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുള്ളത്. ആയതിൽ ഭൂരിപക്ഷവും സർക്കാർ, പൊതു മേഖലാ സ്ഥാപനങ്ങളാണ്. തൊഴിൽ നികുതി പിരിച്ചെടുക്കാൻ അവശേഷിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ | തൊഴിൽ നികുതി | |
|---|---|---|---|
| | | ജീവനക്കാർ | സ്ഥാപനം |
| 1 | ചന്ദനപ്പള്ളി ക്ഷീരോല്പാദക സഹകരണ സംഘം | - | 1st & 2nd |
| 2 | അങ്ങാടിക്കൽ വടക്ക് ക്ഷീരോല്പാദക സഹകരണ സംഘം | - | 1st & 2nd |
| 3 | കൊടുമൺ ക്ഷീരോല്പാദക സഹകരണ സംഘം | - | 1st & 2nd |
| 4 | നെടുമൺകാവ് ക്ഷീരോല്പാദക സഹകരണ സംഘം | - | 1st & 2nd |
| 5 | റേഷൻ കടകൾ | 1st & 2nd | 1st & 2nd |
| 6 | സർവ്വീസ് സഹകരണ ബാങ്ക്, ചന്ദനപ്പള്ളി | 1st & 2nd | 1st & 2nd |
| 7 | സിയോൺ ഇന്റർനാഷണൽ സ്കൂൾ | 2nd | – |
| 8 | പി.സി.കെ. ചന്ദനപ്പള്ളി എസ്റ്റേറ്റ് | 1st | – |
| 9 | കുടുംബശ്രീ അക്കൗണ്ടന്റ് | 2nd | – |
| 10 | നീതി സ്റ്റോർ, അങ്ങാടിക്കൽ എസ്.സി.ബി.-1127 | – | 1st & 2nd |
| 11 | സപ്ലൈക്കോ സൂപ്പർമാർക്കറ്റ് | – | 1st & 2nd |

ഗ്രാമ പഞ്ചായത്തിൽ നിന്നും 2019-20 സാമ്പത്തിക വർഷം ചെറുതും വലുതുമായ 363 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ട്. എന്നാൽ അവയിൽ ചുരുക്കം ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നു മാത്രമേ തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളൂ. ലൈസൻസ് നേടിയ ഭൂരിപക്ഷം സ്ഥാപനങ്ങളിലും രണ്ടോ അതിലധികമോ ജീവനക്കാർ തൊഴിലെടുക്കുന്നുണ്ട് എന്ന് രേഖകൾ വ്യക്തമാക്കുന്നു. സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുക്കാത്തത് മൂലം ഗ്രാമ പഞ്ചായത്തിന് വരുമാന നഷ്ടമുണ്ടാകുന്നുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ | ജീവനക്കാരുടെ എണ്ണം (ലൈസൻസ് അപേക്ഷ പ്രകാരം) |
|---|---|---|
| 1 | അശ്വതി ഫില്ലിംഗ് സ്റ്റേഷൻ, XVII/3, 4A | 7 |
| 2 | അനി സിമന്റ് ബ്ലോക്ക്സ്, I/607 | 4 |
| 3 | പുതുശ്ശേരിൽ ഇൻഡസ്ട്രീസ്, 5/637, 691 | 4 |
| 4 | എസ്.എസ്.എഞ്ചിനീയറിംഗ് വർക്ക്സ്, 13/623 | 5 |
| 5 | ശ്രീവിനായക ഹൈടെക് ബ്രിക്സ്, 8/730 | 5 |
| 6 | ചന്ദ്രൻ വുഡ് വർക്ക്സ്, XII/535 | 3 |
| 7 | ബി.ബി. ഇൻഡസ്ട്രീസ്, 16/490 | 7 |
| 8 | ദേവി ഹോം അപ്ലൈയൻസസ്, XVII/12, 13 | 4 |
| 9 | കുളത്തുംകരോട്ട് എന്റർപ്രൈസസ്, IV/547 | 8 |
| 10 | തുപ്പാസ് കാറ്ററിംഗ്, VIII/41A | 5 |
| 11 | പൊന്നൂസ് ബ്രിക്ക്സ്, 8/544,545,546 | 3 |

| | | |
|---|---|---|
| 12 | എം. മാർട്ട് ഹൈപ്പർ മാർക്കറ്റ്, XIII/361 | 3 |
| 13 | സാജ് ഇൻഡെയ്ൻ സർവ്വീസ്, XIII/440 | 2 |

<u>തൊഴിൽനികുതി പിരിവിലെ മറ്റ് അപാകതകൾ</u>

1) കൊടുമൺ പി.സി.കെ. ലാറ്റക്സ് ഫാക്ടറിയിൽ 79-ജീവനക്കാരുള്ളതായി ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2019-20 വർഷം 18 ജീവനക്കാരിൽ നിന്നു മാത്രമാണ് തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത്.

2) പി.സി.കെ. കൊടുമൺ എസ്റ്റേറ്റിൽ 268 ടാപ്പർമാർ, 76 ഫീൽഡ് വർക്കർമാർ, 41 സ്റ്റാഫ്, 7 ഓഫീസർമാർ എന്നിവർ ജോലി ചെയ്യുന്നുണ്ട്. എന്നാൽ 2019-20 ആദ്യ അർദ്ധവർഷം 10 ജീവനക്കാരിൽ നിന്നും രണ്ടാം അർദ്ധവർഷം 5 ജീവനക്കാരിൽ നിന്നും മാത്രമാണ് തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത്.

3) പി.സി.കെ. ചന്ദനപ്പള്ളി എസ്റ്റേറ്റിൽ 248 ടാപ്പർമാർ, 79 ഫീൽഡ് വർക്കർമാർ, 35 സ്റ്റാഫ്, 5 ഓഫീസർമാർ എന്നിവർ ജോലി ചെയ്യുന്നുണ്ട്. (പി.സി.കെ. ലിമിറ്റഡിന്റെ വെബ്സൈറ്റ് പ്രകാരം) എന്നാൽ 2019-20 ആദ്യ അർദ്ധവർഷം ആരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല. രണ്ടാം അർദ്ധവർഷം 11 ജീവനക്കാരിൽ നിന്നു മാത്രം ആണ് തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത്.

4) കൊടുമൺ സപ്ലൈക്കോ സൂപ്പർമാർക്കറ്റിൽ 6 ജീവനക്കാരുള്ളതായി ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2019-20 വർഷം 2 ജീവനക്കാരിൽ നിന്നു മാത്രമാണ് തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത്.

പഞ്ചായത്ത് രാജ് നിയമങ്ങൾ, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഒടുക്കുന്നതിന് ബാധ്യതപ്പെട്ടിട്ടുള്ളവരിൽനിന്ന് കൃത്യമായി അസ്സസ്സ് ചെയ്യുന്നതിനും അസ്സസ്സ് ചെയ്ത നികുതി തുക ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## <u>1-12 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.</u>

ഗ്രാമപഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷം പൊതുമരാമത്ത് പ്രവൃത്തികൾ നിർവ്വഹിച്ച ചുവടെ കൊടുത്തിരിക്കുന്ന കരാറുകാരിൽ നിന്നും 2019-20 ഒന്ന്, രണ്ട് അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയില്ല.

| ക്രമ.നം. | കരാറുകാരുടെ വിവരങ്ങൾ |
|---|---|
| 1 | അനീഷ് എ., അനീഷ്ഭവൻ, പറന്തൽ |
| 2 | സോണി സി. സാമുവൽ, തടത്തിൽ വടക്കേതിൽ, തേപ്പുപാറ |
| 3 | അജികുമാർ, അജിഭവൻ, മണക്കാല |
| 4 | സുധീർകുമാർ വി., മോളേത്ത്, പുതുമല |
| 5 | കെ.ജെ. ബിജു, കാരക്കാലിൽ, പെരിങ്ങനാട് |
| 6 | ജയിംസ് മാത്യു, തെക്കേമുറിയിൽ, ചന്ദനപ്പള്ളി |
| 7 | രാജേഷ് കെ., അനിതാവിലാസം, പുതുമല |
| 8 | കൃഷ്ണകുമാരി, പ്രകാശ് ഭവൻ, പറന്തൽ |
| 9 | കെ. വിജയകുമാരൻ നായർ, മായാലിമഠത്തിൽ, വള്ളിക്കോട് |
| 10 | ബി. ബാലചന്ദ്രൻ നായർ, പുതിയവീട്ടിൽ, എളപ്പുപാറ |
| 11 | രഘുനാഥൻ നായർ, തെക്കേവാര്യ വീട്, കൊടുമൺ |
| 12 | മധു എസ്., ലക്ഷ്മിവിലാസം, അങ്ങാടിക്കൽ സൗത്ത് |
| 13 | സാംസൺ സാമുവൽ, ബിജോ സദനം, മണ്ണടി |
| 14 | സോമരാജൻ ഡി., ഗായത്രി, പുതുമല |
| 15 | കെ. രവി, പാലച്ചുവട്ടിൽ, അങ്ങാടിക്കൽ നോർത്ത് |
| 16 | ആർ. സതീശൻ നായർ, കാഞ്ഞിരവിളയിൽ, പുതുമല |
| 17 | എ. ജോസ്, തോപ്പിൽ ഹൗസ്, കലഞ്ഞൂർ |
| 18 | കുര്യൻ കോശി, കളത്തൂർ മേലേതിൽ, മലമേക്കര |

| | |
|---|---|
| 19 | ബിജു എം., താജ് ഭവനം, പഴകുളം |
| 20 | വിപിൻ വി., മായാലിമഠത്തിൽ, വള്ളിക്കോട് |

മേൽ പരാമർശിച്ചിട്ടുള്ള കരാറുകാർ മറ്റേതെങ്കിലും തദ്ദേശഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെടേണ്ടതാണ്. തൊഴിൽ നികുതി ഒടുക്കാത്തവരിൽ നിന്നും ചട്ട പ്രകാരമുള്ള തൊഴിൽ നികുതി അടിയന്തിരമായി ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-13 വാണിജ്യ കെട്ടിടത്തിന്റെ വസ്തു നികുതി നിർണയിച്ചതിൽ കുറവ്

ശ്രീനാരായണ കൾച്ചറൽ മിഷന്റെ ഉടമസ്ഥതയിൽ ഗ്രാമ പഞ്ചായത്ത് വാർഡ് 6-ലുള്ള 145.93 ച.മീ. വിസ്തീർണ്ണമുള്ള 185A നമ്പർ കെട്ടിടം വാണിജ്യാവശ്യത്തിനുള്ള 100ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഗണത്തിൽ വരുന്നതാണ്. അത്തരം കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള വസ്തുനികുതി ച.മീ.ന് 50/-രൂപയാണ്. എന്നാൽ ടി.കെട്ടിടത്തിന്റെ വസ്തുനികുതി നിർണയിച്ചിരിക്കുന്നത് വാണിജ്യാവശ്യത്തിനുള്ള 100ച.മീറ്റർ വരെ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഗണത്തിൽപ്പെടുത്തി ച.മീ.ന് 40/- രൂപ നിരക്കിലാണ്. ഇത്തരത്തിൽ നികുതി നിർണയം നടത്തിയത് മൂലം പഞ്ചായത്തിന് വരുമാന നഷ്ടമുണ്ടായിട്ടുണ്ട്. വസ്തു നികുതി നിർണയിച്ചതിലെ അപാകം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (15/26.08.21) മറുപടിയായി, വസ്തുനികുതി പുനർനിർണയിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വസ്തുനികുതി അടിയന്തിരമായി പുനർനിർണയിച്ച് വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-14 ആശ്രയ - വീട് വാസയോഗ്യമാക്കൽ - ധനസഹായം പണമായി നൽകി

ആശ്രയ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് വീട് വാസയോഗ്യമാക്കുന്നതിന് ധനസഹായം നൽകുന്നതിനായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള SO100/20 നമ്പർ പദ്ധതിയുടെ ഭാഗമായി 12 ലക്ഷം രൂപ 6.9.2019 ലെ 14 -ാം നമ്പർ ബിൽ പ്രകാരം സി.ഡി.എസ് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. എ.ഡി.എസ് മുഖേന 8 ഗുണഭോക്താക്കളുടെ വീട് വാസയോഗ്യമാക്കിയതിന് സി.ഡി.എസ് അക്കൗണ്ടിൽ നിന്നും ആനുകൂല്യം നൽകുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം എ.ഡി.എസ് മുഖേന വീട് മെയിന്റനൻസ് ചെയ്തത് വാല്യുവേഷൻ നടത്തിയശേഷം എ.ഡി.എസിന്റെ അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്യുന്നതിനു പകരം എ.ഡി.എസ് പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും പേർക്ക് ക്യാഷ് ചെക്ക് നൽകുകയാണ് ചെയ്തിട്ടുള്ളത്. നടപ്പ് വർഷം മുതൽ ആനുകൂല്യം ആയി നൽകുന്ന തുക അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ചത് കൂടാതെ കക്കൂസ് നിർമ്മാണത്തിന് 15400 രൂപയും പദ്ധതി പ്രകാരം ചെലവഴിച്ചിട്ടുണ്ട്. ലഭിച്ച തുകയിൽ 715400 രൂപ മാത്രമാണ് ഓഡിറ്റ് തീയതി വരെ സി.ഡി.എസിന് വിനിയോഗിക്കാനായത്. 484600 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. പദ്ധതിച്ചെലവ് പൂർത്തിയാക്കിയ ശേഷം സി.ഡി.എസ് അക്കൗണ്ടിൽ ശേഷിക്കുന്ന തുക ക്രമീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 മരാമത്ത് പ്രവൃത്തികൾ - കരാറുകാർക്ക് ജി.എസ്.റ്റി കോമ്പൻസേഷൻ - സുതാര്യതയില്ല

എസ്റ്റിമേറ്റിൽ ജി.എസ്.റ്റി ഉൾപ്പെടുത്തിയിട്ടില്ലാത്ത പ്രവൃത്തികൾ പൂർത്തിയാക്കുമ്പോൾ സർക്കാർ ഉത്തരവ് പ്രകാരമുള്ള അധിക ബാദ്ധ്യത തുക കരാറുകാർക്ക് തിരികെ നൽകേണ്ടതുണ്ട് എന്ന് 27.11.2017 ഡി.ബി3-9058/17/CE/ തസ്വഭവ നമ്പർ ആയുള്ള സർക്കുലറിലൂടെ നിർദ്ദേശിച്ചിട്ടുണ്ട്. ജി.എസ്.റ്റി കോമ്പൻസേഷൻ തിരികെ നൽകേണ്ട എല്ലാ പ്രവൃത്തികളുടെയും പേരും ജി.എസ്.റ്റി തുകയും ഉൾക്കൊള്ളുന്ന ഒരു ഒറ്റ പ്രോജക്ട് തയ്യാറാക്കേണ്ടതും, കരാറുകാരൻ അടച്ച തുക സർക്കാർ ഉത്തരവ് പ്രകാരം ആണെന്ന് ഉറപ്പാക്കുന്നതിന്റെയും അടച്ച തുകയുടെ രേഖ പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിൽ ബന്ധപ്പെട്ട എഞ്ചിനീയർ തുക കരാറുകാരന്റെ അക്കൗണ്ടിലേക്ക് നൽകേണ്ടതുമാണെന്നും പ്രസ്തുത സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. ജി.എസ്.ടി. കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിന് കരാറുകാർ അവരുടെ പ്രവൃത്തിയുടെ പേര്, വാങ്ങേണ്ട കോമ്പൻസേഷൻ എന്നീ വിവരം ഉൾപ്പെടുത്തി ഒരു സെൽഫ് ഡിക്ലറേഷൻ ഫോം പഞ്ചായത്തിൽ നൽകണമെന്ന് 29.09.2018 ലെ സ.ഉ.(സാധാ) 2532/2018/തസ്വഭവ നമ്പർ ഉത്തരവിലൂടെ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2019-20 ൽ എസ്റ്റിമേറ്റിന് അംഗീകാരം വാങ്ങി നടപ്പാക്കിയ പ്രവൃത്തികളുടെ കരാറുകാർക്ക് ജി.എസ്.റ്റി കോമ്പൻസേഷൻ നൽകിയപ്പോൾ ഈ വ്യവസ്ഥകൾ പാലിക്കപ്പെട്ടിട്ടില്ല. ഓരോ പ്രവൃത്തിയുടെയും ബില്ലിൽത്തന്നെ ജി.എസ്.റ്റി കോമ്പൻസേഷൻ കൂടി ഉൾപ്പെടുത്തിയാണ് പ്രതിഫലം

നൽകിയിട്ടുള്ളത്. കരാറുകാർ ജി.എസ്.റ്റി അടച്ചതിന്റെ രേഖകൾ വാങ്ങി ബോദ്ധ്യപ്പെടാതെയാണ് ജി.എസ്.റ്റി കോമ്പൻസേഷൻ നൽകിയിട്ടുള്ളത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവ്യത്തിയുടെ പേര്, അടങ്കൽ | കരാറുകാരന്റെ പേര് | ആകെ പ്രവ്യത്തിമൂല്യം | ജി.എസ്.റ്റി കോമ്പൻസേഷൻ നൽകിയത് (12%) | ട്രഷറി ബിൽ നമ്പർ, തീയതി |
|---|---|---|---|---|---|
| 1 | വിളയിൽക്കട – വേമ്പനാട്ട് പടി റോഡ് കോൺക്രീറ്റിംഗ് SO33/20 300000 | അജികുമാർ. ആർ | 263660 | 31639 | 35 / 21.1.2020 |
| 2 | കല്ലുകുഴി – പള്ളിപ്പടി റോഡ് കോൺക്രീറ്റിംഗ് SO62/20 200000 | കൃഷ്ണകുമാരി | 177244 | 21269 | 43/ 25.2.20 |
| 3 | ഗുരുമന്ദിരം – കൈതേത്ത് കോളനി റോഡ് കോൺക്രീറ്റിംഗ് SO95/20 300000 | കൃഷ്ണകുമാരി | 267598 | 32112 | 44/25.2.20 |
| 4 | കാവിൽപ്പടി – ചക്കാലയിൽപ്പടി ചിറവയൽ റോഡ് കോൺക്രീറ്റിംഗ് SO 55/20 400000 | രാജേഷ്. കെ | 356761 | 42811 | 45/16.3.20 |
| 5 | ചന്ദനപ്പള്ളി മുളമൂട്ടിൽപ്പടി റോഡ് കോൺക്രീറ്റിംഗ് SO53/20 280000 | ജെയിംസ് മാത്യു | 249757 | 29971 | 46/ 1.2.20 |
| 6 | നിലമേൽ മൂർത്തിക്കാവ് റോഡ് കോൺക്രീറ്റിംഗ് SO69/20 476000 | സി. രഘുനാഥൻനായർ | 424493 | 50939 | 49/16.3.20 |

അപാകത സംബന്ധിച്ച് 24.8.2021 ൽ 9-ാം നമ്പരായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി, ഈ വിഷയത്തിൽ ഓഡിറ്റിന്റെ നിർദ്ദേശ പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കരാറുകാരൻ ജി.എസ്.റ്റി അടച്ചതിന്റെ രേഖകൾ വാങ്ങി ബോദ്ധ്യപ്പെട്ടശേഷം മാത്രം നടപ്പ് വർഷം മുതൽ ഇപ്രകാരം ജി.എസ്.റ്റി

കോമ്പൻസേഷൻ അനുവദിക്കുന്നതിന് ശ്രദ്ധിക്കേണ്ടതും ഓഡിറ്റ് വർഷത്തെ പ്രവൃത്തികളുടെ ജി.എസ്.റ്റി കരാറുകാർ ഒടുക്കിയതിന്റെ രേഖകൾ വാങ്ങി ആയത് ഉറപ്പാക്കേണ്ടതുമാണ്.

## 1-16 ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചില്ല – മോണിട്ടറിംഗ് ഇല്ല

2019-20 ൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള പദ്ധതികൾ പ്രകാരം കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനും സ്ട്രീറ്റ് മെയിൻ നീട്ടലിനുമായി യഥാക്രമം കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി എന്നിവിടങ്ങളിൽ തുക ഡെപ്പോസിറ്റ് ചെയ്തിരുന്നു. എന്നാൽ നിർവ്വഹണ ഏജൻസികൾ ലഭ്യമാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുക ഡെപ്പോസിറ്റ് ചെയ്യുന്നതിന് മുമ്പ് അവരുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. പ്രവൃത്തികൾ ഒന്നും തന്നെ പൂർത്തീകരിച്ചതായി നിർവ്വഹണ ഏജൻസികളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര്, അടങ്കൽ, ഫണ്ടിനം | നിർവ്വഹണ ഏജൻസി | ഡെപ്പോസിറ്റ് ചെയ്ത തുക | ബിൽ നമ്പർ, തീയതി |
|---|---|---|---|---|
| 1 | പട്ടികജാതി കോളനികളിൽ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (എരിയാണിപ്പൊയ്ക-വാർഡ് 4, ഗാന്ധി സ്മാരക കോളനി, നെല്ലിക്കുന്നിൽ കോളനി, പന്നിക്കുഴി ഭാഗം -വാർഡ് 10)<br>SO 159/20 550000<br>(വികസന ഫണ്ട്) | കേരള വാട്ടർ അതോറിറ്റി, പി.എച്ച്. ഡിവിഷൻ, പത്തനംതിട്ട | 550000 | 2/15-4-2020 540000 (വികസന ഫണ്ട്)<br>14.10.2020 10000<br>(തനത് ഫണ്ട്) |
| 2 | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ(വാർഡ് 3 ലെ അരയാൽപ്പടി - വാക്കയിൽപ്പടി- മംഗലത്ത് കോളനി)<br>SO127/20<br>100000(വികസനഫണ്ട് SCP) | കേരള വാട്ടർ അതോറിറ്റി, പി.എച്ച്. ഡിവിഷൻ, പത്തനംതിട്ട | 100000 | 3/ 16-1-2020 |
| 3 | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ(എസ്.സി.പി)<br>(വാർഡ് 5 ൽ പാന്തർ ട്രാൻസ്ഫോർമർപ്പടി മുതൽ പാന്തർ സെറ്റിൽമെന്റ് കോളനി വരെ;<br>വാർഡ് 10 ൽ പ്ലാമൂട് മുതൽ കല്ലുമുകൾ കോളനി വരെ)<br>SO43/21 970000 (വികസന ഫണ്ട്) | കേരള വാട്ടർ അതോറിറ്റി, പി.എച്ച്. ഡിവിഷൻ, പത്തനംതിട്ട | 970000 | 26/16-2-2021 |
| 4 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (ജനറൽ) SO220/21<br>2167200 (CFC Grant)<br>സിയോൺകുന്ന് ടാങ്ക് - പ്ലാന്റേഷൻ പടി- വാർഡ് 4, തുണ്ടിയിൽപ്പടി- അംഗൻവാടി-വാർഡ്, | കേരള വാട്ടർ അതോറിറ്റി, പി.എച്ച്. ഡിവിഷൻ, പത്തനംതിട്ട | 1096000<br>970000 | 1000000<br>24/16.2.2021<br>25 / 16.2.2021 |

| | | | | |
|---|---|---|---|---|
| | ഇലവുമൂട്ടിൽപ്പടി-ചാവരുകണ്ടം - വാർഡ്)<br>പാലനിൽക്കുന്നതിൽപ്പടി -അമ്പലമുക്ക്-വാർഡ് 3 | | | |
| 5 | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ (Street Main Adding 4072 M And Line Extension 359 M In Ward 1,7,18<br>SO128/2020 657500 (CFC Grant) | കെ.എസ്.ഇ.ബി, കൈപ്പട്ടൂർ | 657500 | 16/ 26-8-2020 |
| 6 | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ (SCP)<br>SO130/2020<br>125000 രൂപ<br>വികസന ഫണ്ട് (SCP) | കെ.എസ്.ഇ.ബി അടൂർ | 91803 | 32/27.2.2020 |

നിർവ്വഹണ ഏജൻസികളുമായി കരാറിൽ ഏർപ്പെടാതെ തുക ഒടുക്കിയത് ക്രമപ്രകാരമല്ല. ഇക്കാരണത്താൽത്തന്നെ നിശ്ചിത കാലാവധിക്കകം പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിന്മേൽ പഞ്ചായത്തിന് നിയമനടപടികൾ സ്വീകരിക്കാൻ കഴിയാത്ത സ്ഥിതി ആണുള്ളത്. പ്രവൃത്തികൾ പൂർത്തീകരിക്കുന്നുണ്ടോയെന്ന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മോണിട്ടർ ചെയ്യുന്നില്ല. പ്രവൃത്തികൾക്ക് തുക ഡെപ്പോസിറ്റ് ചെയ്തതിന്റെ വിവരം ഡെപ്പോസിറ്റ് രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുകയോ നിരീക്ഷിക്കുകയോ ചെയ്യുന്നില്ല. 2015-16 മുതൽ 2018-19 വരെ തുക ഡെപ്പോസിറ്റ് ചെയ്തതും പൂർത്തീകരണ വിവരം പഞ്ചായത്തിന് ലഭ്യമാകാത്തതുമായ പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | പ്രവൃത്തിയുടെ പേര് | നിർവ്വഹണ ഏജൻസി | ഡെപ്പോസിറ്റ് ചെയ്ത തുക |
|---|---|---|---|
| 2016-17 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ<br>കൊന്നയിൽപ്പടി ട്രാൻസ്ഫോമർ ഏരിയ | കെ.എസ്.ഇ.ബി | 82450 |
| | ടി ചന്ദനപ്പള്ളി ജംഗ്ഷൻ - ഹെൽത്ത് സെന്റർ | | 17000 |
| | ടി ചന്ദനപ്പള്ളി പാലം ട്രാൻസ്ഫോമർ ഏരിയ | | 51000 |
| | ടി വിജയ കോളനി ട്രാൻസ്ഫോർമർ ഏരിയ | | 63750 |
| | ടി ചന്ദനപ്പള്ളി പള്ളി ട്രാൻസ്ഫോമർ ഏരിയ | | 110500 |
| | ടി ഉടയോൻമുറ്റം വട്ടമുരുപ്പ് അംഗൻവാടി | | 91750 |
| | ടി കൈതക്കുഴി കോളനി | | 87100 |
| | കൊടുമൺ സ്റ്റേഡിയത്തിലെ ഇലക്ട്രിക് ലൈൻ മാറ്റി സ്ഥാപിക്കൽ | | 393156 |
| | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷന് പുളി നിൽക്കുന്നതിൽപ്പടി വാകയിൽപ്പടി | | 46800 |
| 2017-18 | 3,12 വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | കേരള വാട്ടർ അതോറിറ്റി | 300000 |
| | 4,12 വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | കെ.എസ്.ഇ.ബി | 294950 |
| | 2,7 പട്ടികജാതി കോളനികളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | | 96535 |
| | വാർഡ് 12 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | | 199100 |
| 2018-19 | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | കേരള വാട്ടർ അതോറിറ്റി | 650312 |
| | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ വാർഡ് 7 | | 77000 |

| | | | |
|---|---|---|---|
| | പട്ടികജാതി കോളനികളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | | 360000 |
| | | | |

അപാകം സംബന്ധിച്ച് 12.8.2021 ൽ 5-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. തുക ഡെപ്പോസിറ്റ് ചെയ്യുന്നതോടുകൂടി പദ്ധതിനിർവ്വഹണം പൂർത്തിയായി എന്ന രീതിയിൽ പദ്ധതിഫണ്ട് വിനിയോഗിക്കുന്നത് അഭിലഷണീയമല്ല. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർണ്ണമായ വിവരം ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. പ്രവൃത്തികളുടെ പൂർത്തീകരണം ഉറപ്പാക്കുന്നതിന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ മോണിട്ടറിംഗ് ഉണ്ടാകേണ്ടതാണ്.

## 1-17 ഇ ടെണ്ടർ ഫീസ് ഇനത്തിൽ ജില്ലാപ്പഞ്ചായത്തിൽ നിന്ന് ലഭിച്ച ചെക്ക് നാളിതുവരെ പണമാക്കിയില്ല

2014-15 മുതൽ 2017-18 വരെ കാലയളവിൽ ഗ്രാമപ്പഞ്ചായത്തിൽ നടപ്പാക്കിയ വിവിധ മരാമത്ത് പ്രവൃത്തികളുടെ ഇ – ടെണ്ടർ ഫീസ് ഇനത്തിൽ 222010 രൂപ ജില്ലാപ്പഞ്ചായത്ത് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ അക്കൌണ്ടിൽ നിന്നും (എസ്.ബി.ഐ, പത്തനംതിട്ട ശാഖയിലെ ചെക്ക് നമ്പർ 327673/6.5.2019) പ്രകാരം അസി.എഞ്ചിനീയർക്ക് നൽകിയിരുന്നു. ടി ചെക്കിന്റെ സമയപരിധി കഴിഞ്ഞതിനാൽ റീവാലിഡേറ്റ് ചെയ്ത് ലഭിക്കുന്നതിന് 20.8.2019 ൽ എക്സി.എഞ്ചിനീയർക്ക് അസി.എഞ്ചിനീയർ കത്ത് നൽകിയെങ്കിലും ആയത് റീവാലിഡേറ്റ് ചെയ്ത് ലഭിച്ചിട്ടില്ല. ടി ചെക്ക് റദ്ദ് ചെയ്ത് ലഭിക്കുന്നതിന് നാളിതുവരെ ജില്ലാപ്പഞ്ചായത്തിന് തിരികെ നൽകുകയോ ഇതേ തുകയ്ക്ക് പുതിയ ചെക്ക് വാങ്ങി പണമാക്കി തനത് ഫണ്ടിൽ ക്രെഡിറ്റ് ചെയ്യുകയോ ചെയ്തിട്ടില്ല.

ഗുരുതരമായ ഈ അപാകത സംബന്ധിച്ച് 12.8.2021 ൽ 2-ാം നമ്പരായി അസിസ്റ്റ് എഞ്ചിനീയർക്കും സെക്രട്ടറിക്കും ഓഡിറ്റ് എൻക്വയറി നൽകി. ചെക്കിൽ രേഖപ്പെടുത്തിയ തീയതിയുടെ ഭാഗത്ത് മഷി പടർന്ന് വ്യക്തതക്കുറവ് ഉള്ളതിനാൽ ചെക്കിന്റെ തീയതിയിൽ വ്യക്തത വരുത്തി എക്സി. എഞ്ചിനീയറെക്കൊണ്ട് തന്നെ ഇനിഷ്യൽ വാങ്ങി നൽകുന്നതിന് ബാങ്ക് മടക്കി നൽകിയതായി അസിസ്റ്റന്റ് എഞ്ചിനീയർ 12.8.21 ൽ ഓഡിറ്റിന് മറുപടി നൽകി. എന്നാൽ ആദ്യം ചെക്ക് നൽകിയ എക്സി. എഞ്ചിനീയർ സ്ഥലം മാറിപ്പോയി എന്ന സാങ്കേതിക കാരണത്തിന്റെ പേരിൽ തുടർന്ന് വന്ന എക്സി. എഞ്ചിനീയർ ചെക്ക് ഒപ്പിട്ട് നൽകുകയുണ്ടായില്ല. ആയതിനാൽ നാളിതുവരെ പ്രസ്തുത ചെക്ക് പണമാക്കാനാവാതെ സൂക്ഷിച്ച് വരുന്നു.

ചെക്ക് റദ്ദ് ചെയ്യുന്നതിനും പുതിയ ചെക്ക് വാങ്ങി തുക തനത് ഫണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിനും നാളിതുവരെ നടപടി സ്വീകരിക്കാതിരുന്നത് അധികൃതരുടെ ഭാഗത്ത് നിന്നുള്ള ഗുരുതരമായ കൃത്യവിലോപമാണ്. ഈ വിഷയത്തിൽ ഭരണതലത്തിൽ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് - മോണിറ്ററിംഗ് ഇല്ല

കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് ലഭ്യമാക്കുന്നതിന് 2019-20 ൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 250000 രൂപ അടങ്കൽ വകയിരുത്തി പദ്ധതി അംഗീകാരം വാങ്ങിയിരുന്നു. ടി പദ്ധതി പ്രകാരം 250000 രൂപ സി.ഡി.എസ് അക്കൗണ്ടിലേക്ക് (പത്തനംതിട്ട ജില്ലാസഹകരണബാങ്ക് കൊടുമൺ ബ്രാഞ്ച് അക്കൗണ്ട് നമ്പർ 4) ട്രാൻസ്ഫർ ചെയ്ത് നൽകി. 2018-19 ൽ SO242/19 നമ്പർ പ്രോജക്ട് പ്രകാരവും ഇതേയിനത്തിൽ സെക്രട്ടറി തന്നെ സി.ഡി.എസിന് 600000 രൂപ കൈമാറിയിരുന്നത് നാളിതുവരെ ചെലവഴിക്കാതെ സി.ഡി.എസിന്റെ പത്തനംതിട്ട ജില്ലാസഹകരണ ബാങ്ക് കൊടുമൺ ശാഖയിൽ സൂക്ഷിച്ച് വരുന്ന സാഹചര്യത്തിലാണ് വീണ്ടും ഇതേയിനത്തിൽ തുക കൈമാറിയെന്നത് ശ്രദ്ധേയമാണ്. 2019-20 ൽ കൈമാറിയ 2.5 ലക്ഷം രൂപയും പൂർണ്ണമായി വിനിയോഗിച്ചില്ല. ടി തുകയിൽ 1 ലക്ഷം രൂപ രുചിയിടം കഫേ, കൊടുമൺ എന്ന സംരംഭക ഗ്രൂപ്പിന് ജനകീയ ഹോട്ടൽ ആരംഭിക്കുന്നതിന് 17.6.2020 ലെ 4756 നമ്പർ ചെക്ക് പ്രകാരം റിവോൾവിംഗ് ഫണ്ടായി നൽകി. ബാക്കി തുക ഇതേവരെ വിനിയോഗിച്ചിട്ടില്ല.

ഗ്രേഡിംഗ് നടത്തി പ്രവർത്തനപാരമ്പര്യമുള്ള കുടുംബശ്രീ സംരഭക ഗ്രൂപ്പുകളെ കണ്ടെത്തുന്നതിന് യാതൊരു നടപടിയും സ്വീകരിക്കാതെയും മുൻവർഷം ഏറ്റെടുത്ത പദ്ധതി മോണിട്ടർ ചെയ്യാതെയും ഇപ്രകാരം തുക കൈമാറി നൽകിയത് ഫണ്ടിന്റെ ദുർവ്യയമാണ്. ഈ വിഷയം സംബന്ധിച്ച് 12.8.2021- ൽ 6-ാം നമ്പരായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല.

അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അർഹരായ സംരംഭക ഗ്രൂപ്പുകളെ കണ്ടെത്തിയശേഷം മാത്രം ഭാവിയിൽ ഇപ്രകാരമുള്ള പദ്ധതി നടപ്പാക്കേണ്ടതാണ്. ചെലവഴിക്കാതെ സൂക്ഷിക്കുന്ന 750000 രൂപ (600000 +

150000) കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ഒടുക്കിയ ശേഷം അറിയിക്കേണ്ടതാണ്.

## 1-19 മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ പരസ്യം - തുക അധികം നൽകി

പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിട്ടറിംഗ് എന്നിവയുടെ ചെലവുകൾക്കായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകാരം വാങ്ങിയ S03/20 നമ്പർ പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുമരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ പരസ്യം നൽകിയതിന് പരസ്യചാർജ് ഇനത്തിൽ (ദേശാഭിമാനി പബ്ലിക്കേഷൻസ്, കോട്ടയം -ന്റെ 18.1.2020 ലെ KTM/2020/3285 നമ്പർ ഇൻവോയിസ് ) 9853 രൂപ ട്രഷറി ബിൽ നമ്പർ 33/22.2.2020 പ്രകാരം ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയിൽപ്പെടുത്തി ഇതേ ഇനത്തിൽ ട്രഷറി ബിൽ നമ്പർ 45/10.3.2020 പ്രകാരവും 27918 രൂപ ചെലവഴിച്ചിട്ടുണ്ട്. ദേശാഭിമാനിയുടെ ചുവടെ പറയുന്ന ഇൻവോയിസുകൾ പ്രകാരമുള്ള തുകയ്ക്കാണ് ബിൽതുക നൽകിയത്.

| ക്രമ നമ്പർ | ഇൻവോയിസ് നമ്പർ | തുക |
|---|---|---|
| 1 | KTM/2020/3285/18.1.2020 | 9853 |
| 2 | KTM/2020/3763 | 6569 |
| 3 | KTM/2020/3548 | 6569 |
| 4 | KTM/2020/3737/20.02.2020 | 4927 |
| ആകെ | | 27918 |

KTM/2020/3285/18.1.2020 പ്രകാരമുള്ള ഇൻവോയിസിന് രണ്ട് പ്രാവശ്യം ദേശാഭിമാനിക്ക് തുക നൽകി. അധികമായി നൽകിയ 9853 രൂപ തിരികെ ഈടാക്കിയിട്ടുണ്ടോ എന്ന് ആരാഞ്ഞ് 18.8.2021 ൽ 7-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. അധികം നൽകിയ തുക ദേശാഭിമാനിയിൽ നിന്ന് തിരികെ ഈടാക്കുകയോ അല്ലാത്തപക്ഷം തുടർന്നുള്ള ബില്ലിൽ ക്രമീകരിക്കുകയോ ചെയ്ത ശേഷം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 എ.ബി.സി പ്രോഗ്രാം - മോണിട്ടറിംഗ് ഇല്ല

തെരുവുനായ്ക്കളുടെ പ്രജനന നിയന്ത്രണപരിപാടി (ABC Programme)യ്ക്കായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള S043/2020 നമ്പർ പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബശ്രീ ജില്ലാമിഷൻ കോർഡിനേറ്ററുടെ അക്കൌണ്ടിലേക്ക് 200000രൂപ ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്(ട്രഷറി ബിൽ നമ്പർ 256273/26.6.19). 2018-19 ലും ഇതേ പദ്ധതിയിൽപെടുത്തി 157500 രൂപ കുടുംബശ്രീ ജില്ലാമിഷന് നൽകിയിട്ടുണ്ട്. എന്നാൽ ലഭിച്ച തുക വിനിയോഗിച്ച് എത്ര നായ്ക്കളെ വന്ധ്യംകരിച്ചു എന്നത് സംബന്ധിച്ച് മോണിട്ടറിംഗ് നടത്തിയിട്ടില്ല. 2020-21 ൽ പദ്ധതിക്ക് ഫണ്ട് വകയിരുത്തിയിട്ടുമില്ല. നിലവിൽ പദ്ധതിപ്രവർത്തനങ്ങൾ നിലച്ചമട്ടിലാണ്. തെരുവുനായ്ക്കളുടെ ശല്യം കൂടുതലുള്ള സാഹചര്യത്തിലും പദ്ധതിയുടെ മോണിട്ടറിംഗ് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മുഖേന നടത്താത്തതും തുടർപദ്ധതി ഏറ്റെടുക്കാത്തതും ഗുരുതരമായ അപാകം ആയി വിലയിരുത്തുന്നു.

എ.ബി.സി പ്രോഗ്രാം വെറ്ററിനറി സർജന്റെ നിർവ്വഹണ മേഖലയിൽ ഉൾപ്പെട്ട പദ്ധതി ആയിരിക്കെ, ആയത് സെക്രട്ടറി നിർവ്വഹിച്ചത് ക്രമമല്ല. അപാകം സംബന്ധിച്ച് 24.8.2021 ൽ 9 -ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. കൈമാറിയ തുക വിനിയോഗിച്ച് കുടുംബശ്രീ ജില്ലാ മിഷൻ മുഖേന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ എന്ന് മോണിട്ടർ ചെയ്യേണ്ടതും നടപ്പ് വർഷം മുതൽ മതിയായ ഫണ്ട് പദ്ധതിക്കായി വകയിരുത്തേണ്ടതുമാണ്.

## 1-21 ലൈഫ് മിഷൻ ഭവന പദ്ധതി- ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

2018-19 ൽ വി.ഇ.ഓ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ലൈഫ് മിഷൻ ഭവനപദ്ധതിക്ക് കരാറിലേർപ്പെട്ട താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പേരും മേൽവിലാസവും | കരാർ തീയതി | നൽകിയ തുക |
|---|---|---|---|
| 1 | സതിയമ്മ, രേവതിയിൽ അമ്പലവയൽ നോർത്ത് | 10.07.18 | 260000 |
| 2 | കത്രീന വർഗ്ഗീസ് | 10.07.18 | 260000 |

| | | | |
|---|---|---|---|
| | നെല്ലിമൂട്ടിൽ<br>അങ്ങാടിക്കൽ തെക്ക് | | |
| 3 | കൃഷ്ണൻ എ.കെ<br>പീടിക മുരുപ്പേൽ<br>അങ്ങാടിക്കൽ<br>നോർത്ത് | 31.07.18 | 300000 |

മേൽ സൂചിപ്പിച്ച ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരം അന്വേഷിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ- 4/19-20 Dtd 13.08.2021) മറുപടിയായി ഭവനനിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കുന്നതിന് ഗുണഭോക്താക്കൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അവർ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും നിർവഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. പ്രസ്തുത ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-22 അഗതികൾക്ക് വീട് വാസയോഗ്യമാക്കൽ - പണി പൂർത്തീകരിച്ചില്ല

ആശ്രയ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് വീട് വാസയോഗ്യമാക്കുന്നതിന് ധനസഹായം നൽകുന്നതിനായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള SO100/20 നമ്പർ പദ്ധതി പ്രകാരം 12 ലക്ഷം രൂപ 6.9.2019 ലെ 14 -ാം നമ്പർ ബിൽ പ്രകാരം സി.ഡി.എസ് അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ വീട് വാസയോഗ്യമാക്കിയതിന് എ.ഡി.എസ് മുഖേനയാണ് സി.ഡി.എസ് ആനുകൂല്യം നൽകിയിട്ടുള്ളത്. എന്നാൽ രണ്ട് ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നതിന് സി.ഡി.എസ് അക്കൗണ്ടിൽ നിന്നും ബന്ധപ്പെട്ട എ.ഡി.എസിന്റെ പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും പേർക്ക് ക്യാഷ് ചെക്ക് നൽകിയെങ്കിലും, പ്രസ്തുത ഗുണഭോക്താക്കൾ പ്രവൃത്തി ഇതേവരെ പൂർത്തീകരിച്ചില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തുക കൈപ്പറ്റിയ എ.ഡി.എസിന്റെ വിവരം | | ഗുണഭോക്താവിന്റെ പേര് | ADS ന് നൽകിയ തുക | ക്യാഷ് ചെക്ക് നമ്പർ |
|---|---|---|---|---|---|
| | ADS പ്രസിഡന്റ് | ADS സെക്രട്ടറി | | | |
| 1 | ഇന്ദിര ജി നായർ | സജിത കുമാരി | ചെല്ലമ്മ, തോപ്പിലയ്യത്ത് (വാർഡ് 10) | 50000 | 024969/ 12.8.2020 |
| 2 | ഗീത | സരള | എം.കെ.മാധവൻ, എരുത്വാക്കുന്നിൽ വീട് | 50000 | 25461/ 18.8.2021 |

അപാകം സംബന്ധിച്ച് 27.8.2021 ൽ 16 ാം നമ്പരായി അസിസ്റ്റന്റ് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല. എന്നാൽ 31.8.2021 ൽ നടത്തിയ എക്സിറ്റ് മീറ്റിംഗിൽ, ടി ഗുണഭോക്താക്കൾ പ്രവൃത്തി ആരംഭിച്ചതായും പ്രവൃത്തി ഉടനെ പൂർത്തിയാക്കി വാല്യുവേഷൻ എടുത്ത ശേഷം ആയത് ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്നും അസിസ്റ്റന്റ് സെക്രട്ടറി അറിയിച്ചു.
ഗുണഭോക്താക്കളുടെ പ്രവൃത്തി പൂർത്തീകരിച്ചശേഷം വാല്യുവേഷൻ സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്ത പദ്ധതികൾ

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 117000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 117000 | 0 |
| | 357000 | കുരിയറ റോഡ് നിർമ്മാണം | 357000 | 0 |
| ജില്ലാ പഞ്ചായത്ത് | 1000518 | നെൽകൃഷി വികസനം | 1000518 | 0 |
| | 400000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 400000 | 0 |
| | 1500000 | നൂതന പദ്ധതി-കൊട്ടമൺ റൈസും എക്കോഷോപ്പും | 1500000 | 0 |
| | 98492 | അംഗൻവാടി വഴിയുള്ള അനുപൂരക പോഷകാഹാര പരിപാടി | 98492 | 0 |
| | 200000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000 | 0 |
| | 415199 | പാലിയേറ്റിവ് കെയർ | 415199 | 0 |
| | 100000 | ആശ്രയ പദ്ധതി | 100000 | 0 |
| | 15959 | ഭൂമിയുള്ള ഭവനരഹിതർക്ക് | 15959 | 0 |

| | | | | |
|---|---|---|---|---|
| | | വീട് - ലൈഫ് പദ്ധതി | | |
| | 2175354 | കൊടുമൺ മാർക്കറ്റിൽ പൊതുശൗചാലയം | 2175354 | 0 |
| | 1243112 | കൊടുമൺ മാർക്കറ്റ് നവീകരണം രണ്ടാംഘട്ടം | 1243112 | 0 |
| | 1000000 | കൊടുമൺ മാർക്കറ്റ് നവീകരണം മൂന്നാംഘട്ടം | 1000000 | 0 |
| | 248120 | നിലമേൽ അംഗൻവാടി കമ്മ്യൂണിറ്റി ഹാൾ വസ്തു വാങ്ങൽ | 248120 | 0 |
| | 867434 | ഭൂമിയുള്ള ഭവനരഹിതർക്ക് വീട് - ലൈഫ് പദ്ധതി - പട്ടികജാതി | 867434 | 0 |
| | 347000 | നിലമേൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം | 347000 | 0 |

4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി, പി.എച്ച്. ഡിവിഷൻ, പത്തനംതിട്ട | പട്ടികജാതി കോളനികളിൽ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (എരിയാണിപ്പൊയ്ക-വാർഡ് 4, ഗാന്ധി സ്മാരക കോളനി, നെല്ലിക്കുന്നിൽ കോളനി, പന്നിക്കുഴി ഭാഗം -വാർഡ് 10)<br>SO 159/20 550000<br>(വികസന ഫണ്ട്) | 550000 | 0 | 550000 |
| | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ(വാർഡ് 3 ലെ അരയാൽപ്പടി - | 100000 | 0 | 100000 |

| | | | | |
|---|---|---|---|---|
| | വാക്കയിൽപ്പടി- മംഗലത്ത് കോളനി)<br>SO127/20<br>100000(വികസനഫണ്ട് SCP) | | | |
| | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ(എസ്.സി.പി)<br>(വാർഡ് 5 ൽ പാന്തർ ട്രാൻസ്ഫോർമർപ്പടി മുതൽ പാന്തർ സെറ്റിൽമെന്റ് കോളനി വരെ;<br>വാർഡ് 10 ൽ പ്ലാമൂട് മുതൽ കല്ലുമുകൾ കോളനി വരെ)<br>SO43/21<br>970000 (വികസന ഫണ്ട്) | 970000 | 0 | 970000 |
| | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (ജനറൽ) SO220/21<br>2167200 (CFC Grant)<br>സിയോൺകുന്ന് ടാങ്ക് - പ്ലാന്റേഷൻ പടി- വാർഡ് 4, ഉണ്ടിയിൽപ്പടി- അംഗൻവാടി-വാർഡ്, ഇലവുമൂട്ടിൽപ്പടി- ചാവരുകണ്ടം - വാർഡ്)<br>പാലനിൽക്കുന്നതിൽപ്പടി - അമ്പലമുക്ക്-വാർഡ് 3 | 1096000<br>970000 | 0<br>0 | 1096000<br>970000 |
| കെ.എസ്.ഇ.ബി, കൈപ്പട്ടൂർ | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ (Street Main Adding 4072 M And Line Extension 359 M In Ward 1,7,18<br>SO128/2020 657500 (CFC Grant) | 657500 | 0 | 657500 |
| കെ.എസ്.ഇ.ബി ഏഴംകുളം | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ (SCP)<br>SO130/2020 125000<br>വികസന ഫണ്ട് (SCP) | 91803 | 0 | 91803 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ /വായ്പ തിരിച്ചടവ്

| വായ്പയുടെ വിവരം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള തുക | തൻവർഷം തിരിച്ചടച്ചതുക | വർഷാവസാനം തിരിച്ചടയ്ക്കാൻ | റിമാർക്സ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | അവശേഷിക്കുന്ന തുക | |
| ലൈഫ് മിഷൻ | GO(MS)68/2018 Lsgd Dtd 18.05.2018 | 6400000 | 6400000 | 794118 | 5605882 | തൻവർഷം Source Deduction ആയി കുറവ് ചെയ്ത 102941/- രൂപ AFS ൽ അക്കൗണ്ട് ചെയ്തിട്ടില്ല |

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| | | | | |
|---|---|---|---|---|
| 2008-09 | 3-10 | 3,82,500 | ശ്രീ വി.കെ സുകുമാരൻ, സെക്രട്ടറി | 119020900014/30.07.2019 |
| | | 25560 | വിശദവിവരങ്ങൾ ലഭിച്ചില്ല | 119030900007/31.03.2020 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1996-97 | 31 | 2006-08 | 25 | പബ്ളിക് കംഫർട്ട് സ്റ്റേഷനിലെ ടാങ്ക് നിർമ്മാണം | പരാമർശം നിലനിൽക്കുന്നു |
| 1996-97 | 33 | 2006-08 | 25 | പൊന്നെടുത്താംകുഴി മേലേതിൽപ്പടി ചന്ദനപ്പള്ളി കുരിശ്ശുംമൂട്റോഡ് പുനരുദ്ധാരണം | അപാകത പരിഹരിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| 2002-03 | 3-16 | 2005-06 | 3-16 | കുടുംബശ്രീ ചെലവുരേഖകൾ ഹാജരാക്കാത്തത് | റിക്കവറി നടപടികൾക്ക് ശുപാർശ ചെയ്തിട്ടുണ്ട് |
| 2014-15 | 2-2, 2-3 | 2016-17 | അദ്ധ്യായം 1 | വസ്തുനികുതി പരിഷ്കരണനടപടികൾക്ക് ആധികാരിക സ്ഥിരീകരണമില്ല | പരിഹാരപത്രിക റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട് |
| 2014-15 | 2-4 | 2016-17 | അദ്ധ്യായം 2 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | പരിഹാരപത്രിക റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട് |
| 2015-16 | 2-7 | 2016-17 | അദ്ധ്യായം 2 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | പരിഹാരപത്രിക റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട് |

## 4-8 ചാർജ് /സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | തുക(രൂപ) |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 109357698 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 78868032 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

ബി)ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(ഡി)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ,മറ്റ സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും നടത്തിയ അവസാന കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-1999 | എൽ.എഫ്.പിറ്റിഎ.പി.2/181/04 തീയതി 06.01.2005 | 2 |
| 1999-2000 | എൽ.എഫ്.പിറ്റിഎ.പി.2/224/04 തീയതി 03.02.2005 | 5 |
| 2000-2001 | എൽ.എഫ്.പിറ്റിഎ.പി.2/535/04 തീയതി 03.03.2005/13.03.2005 | 12 |
| 2001-2002 | എൽ.എഫ്.പിറ്റിഎ.പി.2/550/04 തീയതി 03.03.2005 | 4 |
| 2002-2003 | എൽ.എഫ്.പിറ്റിഎ.പി.2/818/04 തീയതി 06.04.2005 | 4 |
| 2003-2004 | എൽ.എഫ്.പിറ്റിഎ.പി.2/272/05 തീയതി 24.01.2006 | 9 |
| 2004-2005 | എൽ.എഫ്.പിറ്റിഎ.പി.10/1137/07 തീയതി 06.12.2018 | 11 |
| 2005-2006 | എൽ.എഫ്.പിറ്റിഎ.പി.10/708/09 തീയതി 25.03.2010/15.07.2011 | 6 |
| 2006-2007 | എൽ.എഫ്.പിറ്റിഎ.പി.10/838/10 തീയതി 11.01.2013 | 10 |

| | | |
|---|---|---|
| 2007-2008 | എൽ.എഫ്.പിറ്റിഎ.പി.10/766/011 തീയതി 15.01.2013 | 8 |
| 2008-2009 | എൽ.എഫ്.പിറ്റിഎ.പി.10/767/11 തീയതി 16.12.2011/17.01.2013 | 8 |
| 2009-10 & 2010-11 | എൽ.എഫ്.പിറ്റിഎ.പി.10/505/13 തീയതി 17.12.2013/07.01.2014 | 11 |
| 2011-12 | എൽ.എഫ്.പിറ്റിഎ.പി.10/506/13 തീയതി 17.12.2013/18.01.2014 | 23 |
| 2012-13 | എൽ.എഫ്.പിറ്റിഎ.പി.10/1086/14 തീയതി 06.05.2015/08.05.2015 | 21 |
| 2013-14 | എൽ.എഫ്.പിറ്റിഎ.പി.10/456/15 തീയതി 07.07.2015/21.07.2015 | 22 |
| 2014-15 | കെ.എസ്സ്.എ.പിറ്റിഎ/പി10/745/16 തീയതി 16.07.2016 | 9 |
| 2015-16 | കെ.എസ്സ്.എ.പിറ്റിഎ/പി10/95/17 തീയതി 31.03.2018 | 23 |
| 2016-17 | കെ.എസ്സ്.എ.പിറ്റിഎ/പി10/984/17 തീയതി 14.09.2017 | 18 |
| 2017-18 | നം.കെ.എസ്.എ.പി10/1298(എ)/2018, തീ: 16.10.2018 | 4 |
| 2018-19 | നം.കെ.എസ്.എ.പി10/783/2019, തീ: 10.10.2019 | 21 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ കൊടുമണ് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ കൊടുമണ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്